# 2025

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

## ASLPS ചേലക്കോട്

# ആമുഖം

വികസനോന്മുഖമായ ഒരു സമൂഹനിർമി-
തിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ
പ്രക്രിയയെ പുനക്കൽപന ചെയ്യേണ്ടതുണ്ട്.
ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ വിദ്യാർത്ഥി-
കൾക്ക് ഉറപ്പാക്കുന്നതിനും അക്കാദമിക മികവ്
വിളിച്ചോതുന്നതിനും സഹായകമായ തരത്തിൽ
പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ്
അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.
ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത്
തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേ-
തങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി
ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിലാണ്
അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.
സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് ഇതിൽ
പ്രാധാന്യം നൽകുന്നു. ഇതിനായി ചേർന്ന
SRG യോഗത്തിൽ പൊതുവായ ലക്ഷ്യങ്ങളും
വിവിധ വിഷയങ്ങളുടെ പ്ലാനുകളും തയ്യാറാക്കി
PTA, മാനേജ്മെന്റ്, SMC അംഗീകാരത്തോടെ നടപ്പിൽ
വരുത്തുവാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് :- എ.എസ്.എൽ.പി.എസ്. ചേലക്കോട്. - Since 1913

മേൽവിലാസം :- പി.ഒ. ചേലക്കോട്
തൃശ്ശൂർ ജില്ല - 680587

ഫോൺ നമ്പർ :- 9387097282

സ്കൂൾ കോഡ് :- 24621

വിദ്യാഭ്യാസ ഉപ ജില്ല :- വടക്കാഞ്ചേരി

വിദ്യാഭ്യാസ ജില്ല :- ചാവക്കാട്

റവന്യൂ ജില്ല :- തൃശ്ശൂർ

ബി.ആർ.സി :- പഴയന്നൂർ

സി. ആർ. സി :- കൊണ്ടാഴി

ഗ്രാമ പഞ്ചായത്ത് :- കൊണ്ടാഴി

ബ്ലോക്ക് പഞ്ചായത്ത് :- പഴയന്നൂർ

ജില്ലാ പഞ്ചായത്ത് :- തൃശ്ശൂർ.

നിയമസഭാമണ്ഡലം :- ആലത്തൂർ

ലോകസഭാമണ്ഡലം :- ചേലക്കര.

താലൂക്ക് :- തലപ്പിള്ളി

വില്ലേജ് :- ചേലക്കോട്

ഇ - മെയിൽ വിലാസം :- aslpschelakode@gmail.com.

## പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശക്തരാക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

* ഒന്നാം ക്ലാസ് മുതൽ 4ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി

Scanned with OKEN Scanner

വർക്ക്ഷീറ്റുകൾ S.R.G യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

* വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

* ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
* മികച്ച വായനാശീലം വളർത്തുക.

Scanned with OKEN Scanner

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ-വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

Scanned with OKEN Scanner

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായിബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക

Scanned with OKEN Scanner

## പ്രവൃത്തിപരിചയം

1 നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2 പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3 ഇതരവിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1 കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക

2 കലാഭിരുചി വളർത്തുക

3 ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക

4 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക

5 ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1 മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്ന

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക് മോണിറ്ററിങ്

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബോധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതായിരിക്കണം. ഇത് ഉറപ്പാക്കാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിമാസമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- പ്രയാസക്കാർക്കിടയിലെ മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയതലത്തിലുള്ള കൂട്ടായ്മകളെ (PTA, HM) പ്രോത്സാഹിപ്പിക്കുക.



Scanned with OKEN Scanner

## പ്രവർത്തന ഘട്ടങ്ങൾ.

### • തീയതി നിശ്ചയിച്ച സന്ദർശനം.

→ Diet, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 Handbook ലെ നിർദ്ദേശങ്ങളനുസരിച്ച് അവലോകനം നടത്തും.

### • മോണിറ്ററിംഗ് ഉപാധികൾ.

→ UNITWISE MONITORING FORMAT : ഒന്നാംഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.

→ PORTFOLIO EVIDENCE : കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ വിലയിരുത്തൽ രേഖകൾ.

→ NOTEBOOK ENTRY CHECKLIST : ക്ലാസിലെ റിവ്യൂ on the spot വിലയിരുത്തൽ.

→ OBSERVATION TOOL : കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ Format.

### • ഉദ്യോഗസ്ഥരുടെ ചുമതലകൾ

→ SCERT / DIET Faculty Members : വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.

→ DIET PRINCIPAL : ജില്ലാതല മാർഗ്ഗനിർദ്ദേശം.

→ DDE, DEO, AEO : സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.

→ DPC, BPC : പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.



Scanned with OKEN Scanner

## പ്രതിവാര അവലോകനം

→ സന്ദർശനം കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ അനുഭവം ക്ലാസ് അന്തരീക്ഷം എന്നിവയുടെ Report

→ Block/ District അവലോകന യോഗങ്ങൾ മുഖേന സംവേദനം.

## വിലയിരുത്തൽ

→ HELP 2025 പ്രകാരം ഓരോ യൂണിറ്റിന്റെ സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കൽ.

→ കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലക്ഷ്യപ്രാപ്തികൾ Portfolio, Notes എന്നിവ പരിശോധിക്കുക.

→ അധ്യാപകരുടെ TB, Diaries, [illegible] എഴുതിവെച്ച അനുഭവങ്ങൾ പരിശോധിക്കുക.

→ Readers Theatre, group activity, Activity Based Teaching, Socio-language development തുടങ്ങിയ ഘടകങ്ങൾക്കുള്ള ഊന്നൽ.

→ അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗനിർദ്ദേശം നൽകുക.

# വികാസപ്രദ വിലയിരുത്തൽ [Formative Assessment]

വികാസപ്രദ വിലയിരുത്തൽ [Formative Assessment] എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന പ്രവർത്തനമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ, തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോവുന്ന ശൈലി പുലർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാത്മ പ്രവർത്തനങ്ങളാണ് വിലയിരുത്തലിന്റെ മുഖ്യദൂതി.

## പ്രവർത്തന ലക്ഷ്യങ്ങൾ

1. കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, മെച്ചപ്പെടുത്തൽ എന്നിവയുടെ അധികാരിക വിലയിരുത്തൽ നടത്തുക.
2. തത്സമയത്തിൽ കുട്ടിയുടെ പഠനപുരോഗതി യെ തിരിച്ചറിയാനും പിന്തുണക്കാനും

കഴിയുക.

3. വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾപ്പെടുത്തിയ പൂർവ്വ തിരിച്ചറിയുക.

4. അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക.

5. പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുന്നു

• [illegible] അതുല്യതയും [illegible]

- പഠനപ്രക്രിയ വിലയിരുത്തൽ
- പ്രവർത്തന പങ്കാളിത്തം
  - പ്രവർത്തനം ഏറ്റെടുത്തു?
  - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
  - ആശയങ്ങൾ പങ്കുവെച്ചു?
- ആശയധാരണ
  - ഉള്ളടക്കം മനസിലാക്കിയിരിക്കുന്നു.?
  - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ.
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം /അവതരണം.
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു.
- രേഖപ്പെടുത്തൽ
  - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു.
  - അതിനുള്ള ആകൃതിയും അതിന്റെ ഉള്ളടക്കം

Scanned with OKEN Scanner

മനസിലാക്കാവുന്ന വിധത്തിലുള്ള അവതരണ
മാണ്.

- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

Scanned with OKEN Scanner

3

• വിലയിരുത്തൽ മാർഗങ്ങൾ.

- നിരീക്ഷണം [observation]
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം [Interview]
  - കുട്ടികളുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ
  - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക
- സ്വയം വിലയിരുത്തൽ ഫോമുകൾ
  - കുട്ടി സ്വയം തന്റെ വളർച്ചയെ കുറിച്ച് രേഖപ്പെടുത്തുന്നത്.

പോർട്ട് ഫോളിയോ വിലയിരുത്തൽ.

- പ്രതിവാരം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ശേഖരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.
- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ രക്ഷിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

- KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്
- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

Scanned with OKEN Scanner

# സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള ആസൂത്രണത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസിക നിലകൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമഗ്രമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പൂരിപ്പിക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക
* ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക

Scanned with OKEN Scanner

* അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ ക്രമമായി ഒരു രേഖയിൽ ഉൾപ്പെടുത്തുക.

* തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക

* പഠനപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## പ്രവർത്തന ഘട്ടങ്ങൾ

* രേഖയുടെ രൂപരേഖ തയാറാക്കൽ

  • പ്രധാന മേഖലകൾ

■ വൈജ്ഞാനികം
■ വൈകാരികം
■ സാമൂഹികം
■ ശാരീരികം
■ മാനസികം
■ ആചരണപൂർണ്ണത
■ ആശയവിനിമയക്ഷമത
■ സഹപാഠികളുമായുള്ള ഇടപെടൽ

• വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:

* ഓരോ മേഖലയിലെയും, നിരീക്ഷണ രേഖകൾ
* അധ്യാപക കുറിപ്പുകൾ / PTA വിലയിരുത്തൽ
* ക്ലാസ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അവതരണങ്ങൾ

Scanned with OKEN Scanner

- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ

* മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.

* കുട്ടികളുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടപടികൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക

- പുതിയ ക്ലാസിലേക്ക് കൈമാറ്റം

## പ്രവർത്തന പദ്ധതികൾ

വായന — മലയാളം — പുസ്തകം എന്റെ ചങ്ങാതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ക്ലാസിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം [രണ്ട് പുസ്തകം] | ക്ലാസ് ടീച്ചർ | 1000 |
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 [Stand വാങ്ങാൻ] |
| അർത്ഥം പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | 'അസംബ്ലി വായന' - അസംബ്ലിയിൽ ആഴ്ചയിൽ ഒരു ദിവസം ഒരു കുട്ടിയുടെ വായന. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മികച്ച വായനാശീലം വളർത്തുക. * റിവ്യൂസ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം 'വായനാ കോർണർ' ഒരുക്കുന്നു. ക്ലാസ് റൂം പ്രക്രിയകളിൽ 'റിവ്യൂസ് തിയേറ്റർ' സാധ്യത പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br>ക്ലാസ് ടീച്ചർ | 4000 |
| മികച്ച വായനാശീലം വളർത്തുക. | *ക്ലാസ് ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. *ക്ലാസിലെ 4 കുട്ടികൾക്ക് മേൽനോട്ട ഉത്തരവാദിത്വം. | ജൂൺ - മാർച്ച് | PTA<br>ക്ലാസ് ടീച്ചർ<br>MPTA | 5000 |
| ∴ ലോകം. ആശയങ്ങൾ വിവിധ മേഖലകളിൽ നിന്നുള്ള അറിവുകൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് 'ക്ലാസ് തല കയ്യെഴുത്ത് മാസിക' ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനം :- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിശേഷങ്ങൾ, അനുഭവങ്ങൾ എന്നിവ പങ്കുവയ്ക്കുന്ന 'ക്ലാസ്സ്തല പതിപ്പുകൾ' ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള 'വായനാക്കുറിപ്പ്' തയ്യാറാക്കൽ. ചെറിയ ക്ലാസിൽ 'വായനാ കാർഡ്' | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 3000 |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ. | 'കയ്യെഴുത്തു മാസികകൾ', സ്കൂൾ ലെവൽ 'പ്രിന്റഡ് മാഗസിൻ' കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. | ഓരോ ടേമിലും. പ്രിന്റഡ് മാഗസിൻ വർഷാന്ത്യത്തിൽ | വിദ്യാരംഗം, ഭാഷാ ക്ലബ്ബ്. | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനം:- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | രചനോത്സവം<br>അധ്യാപകർ നൽകുന്ന വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ജൂൺ - മാർച്ച് | ഭാഷാ ക്ലബ്ബ് | 2000 |
| ആശയഗ്രഹണം:- ആശയ വിനിമയ ശേഷി കൈവരിക്കൽ. | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ, ജൂലൈ | കുട്ടികളെ Pair groups ആക്കുന്നു. ക്ലാസ് ടീച്ചർ | 3000 |
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആസ്വാദനവും വളർത്തുക. | പാട്ടരങ്ങ്<br>കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. രാഗ - താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | സ്കൂൾ ഭാഷാ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | 4000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എഴുത്ത് നൈപുണ്യം, സർഗ ചിന്താശേഷി, ദേശീയ വിവേക ബോധം എന്നിവ വികസിപ്പിക്കുക. | നാട്ടുവിശേഷം - കൈയ്യെഴുത്ത്. കുട്ടികളുടെ നാട്ടുപരിചയത്തെ അടിസ്ഥാനമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ - മാർച്ച് | PTA<br>പ്രാദേശിക ക്ലബ്ബുകൾ | 5000 |
| വായനാതാൽപ്പര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | റീഡേഴ്സ് തിയേറ്റർ. കുട്ടികൾക്ക് അഭിനയത്തോടെ വായനാ പരിശീലനം. കഥാനായകർ, സംഭാഷണങ്ങൾ, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ തിരിച്ചറിയുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷോത്സവം. ഭാഷാ പ്രസംഗം, കഥ പറയൽ, കവിതാ പാരായണം, കൊളാഷ്, എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം. | ജൂൺ - മാർച്ച് | സ്കൂൾ ഭാഷാ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ. | 4000 |

## ENGLISH

| Aim | Activities | Period | Responsibilities | Financial |
|---|---|---|---|---|
| Providing opportunities for expression in English | English Assembly<br>once in a week, the children themselves present the entire assembly program in English. | once in a week | English club. | |
| To improve your English skills, you need to have a good opportunities | English Diary [class 3&4]<br>write about your daily experiences at home and School in English. | once in a week | class Teaches | |
| Provide opportunities for expression in English. | English Bulletin [class 3&4]<br>June - Environment<br>July - Moon<br>August - Independence Day<br>september - Onam.<br>october - Gandhi<br>November - Kerala<br>December - christmas<br>January - New year. | Once in Every Month. | class Teaches | |

| Aim | Activities | Period | Responsibility | Finance |
| --- | --- | --- | --- | --- |
| Enable children to express themselves in English | Reading card work shop<br>Making English reading cards with the help of parents | June - July | English club<br>PTA | 1000 |
| Achieve proficiency in English | Work sheet work shop<br>Preparing worksheets for children with different levels,<br>Teaches - Leading work shop. | July | SRG | 4000 |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | * പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>* മുന്നറിവ് പരിശോധിക്കുക.<br>* അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>* വാചകങ്ങൾ നിർമ്മിക്കൽ<br>* ഭാഷാ കളികൾ. | രണ്ടു മാസം. | അറബിക് ടീച്ചർ | |
| വായന:- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക. | അറബി വായനോത്സവം<br>* വായനാ മത്സരം - ക്ലാസ് ലൈബ്രറി<br>* വായനാ കുറിപ്പുകൾ | ജൂൺ - മാർച്ച് | അറബിക് ടീച്ചർ | |
| ലേഖനം:- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. | അറബി രചനോത്സവം<br>* പതിപ്പ്<br>* വായനാക്കുറിപ്പ്<br>* ചുമർ പത്രം<br>* പോസ്റ്ററുകൾ<br>* ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബിക് ടീച്ചർ | 2000 |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | വർക്ക്ഷീറ്റ് ശില്പശാല<br>എല്ലാ ക്ലാസിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിലും. | SRG<br>PTA | 4000 |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | ഗണിതമൂല<br>മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ. [ജ്യാമിതി, കളിക്കോപ്പുകൾ, ചിത്രങ്ങൾ, കാർഡുകൾ, etc...] | June - August | ക്ലാസ് ടീച്ചർ. | 2000 |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കം പ്രദായ ധാരണ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. | യൂണിറ്റ് വിലയിരുത്തൽ:<br>ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഏർപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത- ക്രിയകൾ എളുപ്പം കുട്ടികൾക്ക് ഉറപ്പാക്കൽ | ഗണിതം മധുരം<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പിന്തുണാപരിപാടി, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. | ജൂലൈ - സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | EVS | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ശാസ്ത്ര പ്രക്രിയാ- ശേഷികൾ വികസി- പ്പിക്കുക. | ശാസ്ത്ര പഠനോപകരണ ശില്പശാല<br>ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |
| ശാസ്ത്രപഠനം താൽപര്യം വളർത്തുക | എന്റെ പരീക്ഷണം - കുറിപ്പ് തയ്യാറാക്കൽ [1 to 4] പരീക്ഷണങ്ങൾ ചെയ്ത് കുറിപ്പ് | എല്ലാ മാസത്തിലും ഒരിക്കൽ | ക്ലാസ് ടീച്ചർ. | |

# രാസലഹരി, മൊബൈൽ അഡിക്ഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ രോഗം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധ-ശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോ കുട്ടികളുടെ പ്രദർശനം പോസ്റ്റർ നിർമാണം etc വഴി കുട്ടികളിൽ അവബോധം വളർത്തുന്നു. | അധ്യയന തുടക്കത്തിൽ | PSITC Health club | |
| | | | | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ നല്ല ലക്ഷ്യവും ഏകാഗ്രതയോടെ-ത്തിലേക്ക് നയിക്കുക | കായികാരോഗ്യം<br>അത്‌ലറ്റിക് പരിശീലനം<br>zoomba, Funny sports | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ-ക്ഷമത ഉറപ്പുവരുത്തുക | ഫിറ്റ്നസ് ചെക്ക് അപ്പ്<br>എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പ് വരുത്താനായി ആദ്യ ടേമിൽ ഫിറ്റ്നസ് ചെക്ക് അപ്പ് | ജൂൺ - നവംബർ | PTA | 3,000 |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികൾക്കും അവസരം | കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല<br>PT പിരീഡിൽ [illegible] എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ- മാർച്ച് | SRG | 1,000 |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ശില്പശാല<br>പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണ രീതി, പൂക്കൾ, clay, പാവനിർമ്മാണം, മാല നിർമ്മാണം. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 2000 |
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളി-ലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണം<br>പേപ്പർബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ - മാർച്ച് | SRG PTA | |
| | | | | |

## സർഗ വേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും "സർഗവേദി" നടത്തുന്നു. | എല്ലാ ആഴ്ചയിലും | class Teaches | |
| ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന [illegible] | ടാലന്റ് ലാബ് നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | 3000 |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിനെ വികസിപ്പിക്കാൻ അവസരങ്ങൾ ഒരുക്കുക. | സോഷ്യൽ മീഡിയ പ്രകടനങ്ങൾ കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG PSITC | |

# സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | **അതിഥിയെ അറിയൽ**<br>പ്രാദേശികമായി ലഭ്യമായ വ്യക്തികളെ കണ്ടെത്തി അവരുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായ തനിമ നിലനിർത്തുന്നതിന് | **പ്രാദേശിക അറിവ്**<br>നാടിന്റെ ചരിത്രം തേടി അന്വേഷണങ്ങൾ നടത്തുകയും, ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SRG | |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | **ഫീൽഡ് ട്രിപ്പ്**<br>• പുന്നത്തൂർ [?] ആനക്കോട്ട<br>• കൃഷ്ണനാട്ടം [?]<br>• കലാമണ്ഡലം<br>• ചെറുതുരുത്തി ശാല [?] [കൃഷ്ണനാട്ടം [?]] | ജനുവരി- ഫെബ്രുവരി. | SRG<br>Class Teaches | 4000 |

# വിവര സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ കണ്ടെത്തൽ. പരിചയപ്പെടുത്തൽ [സമഗ്ര-പ്രവർത്തനങ്ങൾ] | ഓരോ മാസത്തിലും | PSITC | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ പ്രയോഗിക്കാനുള്ള അവസരം | ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂലൈ - ഡിസംബർ | PSITC | |
| | | | | |

# അക്കാദമികേതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കൃഷിയോട് താല്പര്യം വളർത്തുക. | പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | ജൂൺ - മാർച്ച് | Eco club | |
| ഭവന സന്ദർശനം | കുട്ടികളുടെ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകർ കുട്ടികളുടെ ഭവനം സന്ദർശിക്കുന്നു. പഠനപിന്തുണ നൽകുന്നു. | ആഗസ്റ്റ് - ഡിസംബർ | SRG | |
| | | | | |

# ഉപസംഹാരം

2025 - 26 അധ്യയന വർഷത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.